(സി) ശുചീകരണ പ്രവർത്തനങ്ങളിലും ചപ്പുചവറു നിർമ്മാർജ്ജനത്തിനും കോർപ്പറേഷനുകൾ അനാസ്ഥ കാണിക്കുന്നതായി ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലദൗർലഭ്യം കാരണം ചില സ്ഥലങ്ങളിൽ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാതെ കൂടികിടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചപ്പുചവറുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകൾ കഴിഞ്ഞ മൂന്നുവർഷത്തിൽ ചെലവാക്കിയ തുക താഴെപ്പറയുംപ്രകാരമാണ്.

വർഷം	തിരുവനന്തപുരം	കൊച്ചി	കോഴിക്കോട്
1996-97	528 ലക്ഷം (18.65%)	70 ലക്ഷം (11.8%)	540.81 ലക്ഷം (31.42%)
1997-98	568 ലക്ഷം (16.70%)	806 ലക്ഷം (12.1 %)	671.00 ലക്ഷം (32.94%)
1998-99	620 ലക്ഷം (15.50%)	914 ലക്ഷം (12.5%)	549.13 ലക്ഷം (30.16%)

(സി) ചവറ് സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും അതു മുഖേനയുള്ള ബുദ്ധിമുട്ടുകളും പല നഗരസഭകളും അഭിമുഖീകരിക്കുന്നുണ്ട്. എന്നാൽ ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ഏകജാലക സംവിധാനം

101 (2157)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കുന്നതിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ സാങ്കേതിക പിശകുകളൊന്നുമില്ലാത്ത അപേക്ഷകളിൽ തീരുമാനമെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എത്ര ദിവസം വേണ്ടിവരും;

(സി) സാങ്കേതിക പിശകുള്ള അപേക്ഷകളിൽ സ്വീകരിക്കുന്ന അനന്തര നടപടി എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റീജിയണൽ ടൗൺപ്ലാനറുടെ പരിഗണന ആവശ്യമുള്ള അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പരമാവധി എത്ര കാലാവധി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് പ്ലാൻ നൽകിക്കഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിലാണ് അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കേണ്ടത്;

(എഫ്) ഗവ. 941/എസ്.ഡബ്ല്യു.എസ്/99 നമ്പരായുള്ള അപേക്ഷ എന്നാണ് തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിൽ ലഭിച്ചതെന്നും ഇതിൻമേലുള്ള റിപ്പോർട്ട് റീജിയണൽ ടൗൺപ്ലാനർക്ക് നൽകിയതെന്നാണെന്നും വെളിപ്പെടുത്തുമോ;

(ജി) ഈ അപേക്ഷ കൈകാര്യം ചെയ്തതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏറ്റവും കുറഞ്ഞത് 15 ദിവസം.

(സി) അപേക്ഷയുടെ വിശദമായ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട തെറ്റുകൾ വ്യക്തമായി അപേക്ഷകനെ അറിയിക്കുന്നതും സ്ഥലത്തുപോയി നേരിട്ടു പരിശോധിക്കേണ്ട സംഗതിയിൽ അപേക്ഷയിൽ എന്തെങ്കിലും തെറ്റുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അപേക്ഷകന് അതുടനെ മടക്കി നൽകുന്നതാണ്.

(ഡി) ഒരു മാസം.

(ഇ) പരമാവധി 7 ദിവസം.

(എഫ്) പ്രസ്തുത അപേക്ഷ 18.3.99 ന് തിരുവനന്തപുരം നഗരസഭയിൽ ലഭിക്കുകയും 30.6.99ന് റീജിയണൽ ടൗൺ പ്ലാനർക്ക് നൽകുകയും ചെയ്തു.

(ജി) ഉണ്ട്.

(എച്ച്) ഇക്കാര്യം പരിശോധിക്കുന്നതും കാലതാമസം ഉണ്ടായതിന് മതിയായ പങ്ക് ഏതെങ്കിലും ഉദ്യോഗസ്ഥന് ഉണ്ടെന്നു കാണുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതുമാണ്.

സാനിട്ടറി - കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം

102 (2158)ശ്രീമതി. എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99 വർഷം സാനിട്ടറി - കക്കൂസ് നിർമ്മിക്കുന്നതിന് എത്ര രൂപ ധനസഹായമായി നൽകിയെന്ന് വകുപ്പ് തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകൾവഴി നൽകിയ സാനിട്ടറി കക്കൂസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly